കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

***e-mail:lfadtvm@yahoo.in***
***dotvm.ksad@kerala.gov.in***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.**1722/2018**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

ഫോൺ. 0471 2331231

ഇ-മെയിൽ : lfadtvm@yahoo.in

തീയതി 10.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ, തിരുവനന്തപുരം)

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.**1722/2018**

തീയതി**: 10.10.2018**

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിലെ 01.04.2017 മുതൽ 31.03.2018 തീയതി വരെയുള്ള ഇടപാടുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **17** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **17** എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. മുഹമ്മദ് നിസാർ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.07.2018 മുതൽ 25.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജയകുമാരി കെ.ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. രാജേഷ് എം.ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബിന്ദുലത ബി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജു എസ്, ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഡി.ശൈലജ | 01.04.2017 മുതൽ 30.11.2017 വരെ |
| | ശ്രീ. എൻ.ജെ. പ്രഫുല്ല ചന്ദ്രൻ (വൈസ് പ്രസിഡന്റ് ഇൻചാർജ്) | 01.12.2017 മുതൽ 25.12.2017 വരെ |
| | ശ്രീമതി. എസ്. ബിന്ദു | 26.12.2017മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എ ഷഹാബുദ്ദീൻ | 1.4.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.എസ്.എൽ. പത്മകുമാർ | 01.06.2017 മുതൽ 22.06.2017വരെ |
| | ശ്രീ.എസ്.എസ്. പത്മകുമാർ | 23.06.2017മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി. അജിത | 01.04.17മുതൽ 31.03.18വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ലൈല പി | 01.04.17 മുതൽ 31.05.17വരെ |
| | ശ്രീമതി. താഹിറ ബീവി (ഇൻ ചാർജ്) | 01.06.17മുതൽ 26.06.17വരെ |
| | ശ്രീമതി. സെലിൻ സ്റ്റെല്ല മേരി | 27.06.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി പുല്ലുവിള) | ഡോ. നെബു ജോൺ | 01.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി, വിഴിഞ്ഞം) | ഡോ.വാഷിത ഉണസെൽവി.എം | 01.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി വെൺപകൽ) | ഡോ. അജിത്ത് | 01.04.17 മുതൽ 31.03.18വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | ശ്രീ ബോബൻ വി | 01.04.17 മുതൽ 06.09.17 വരെ |
| | ശ്രീമതി. ലേഖ സി.എസ് | 07.09.17 മുതൽ 07.1.17 വരെ |
| | ശ്രീമതി. ദിഷാ മണിയൻ | 08.01.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ആഷാ റാണി | 01.04.17 മുതൽ 05.10.17 വരെ |
| | ശ്രീ. അശോക് ആർ | 05.10.17 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ. ഓഫീസർ | ശ്രീമതി. മാലതി | 01.04.17 മുതൽ 31.03.18വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **-1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക നില | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം **- 2** | |
| 13 | തനത് വരുമാനം | 2-1 |
| | ഭാഗം **- 3** | |
| 14 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല | 3-1 |
| 15 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ-വികസന ഫണ്ടിൽ നിന്നും പണം പിൻവലിച്ചു - പദ്ധതി നടപ്പിലാക്കിയില്ല | 3-2 |
| 16 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ ചട്ടങ്ങൾ പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല | 3-3 |
| 17 | പ്രവൃത്തികൾ വിഭജിച്ച് നിർവഹിക്കുന്നു | 3-4 |
| 18 | സോളാർ പാനൽ സ്ഥാപിക്കൽ - സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 3-5 |
| 19 | അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ പദ്ധതിയിലെ ക്രമക്കേടുകൾ | 3-6 |
| 20 | പട്ടികജാതി യുവജന പരിശീലന കേന്ദ്രം | 3-7 |
| 21 | പദ്ധതി നടത്തിപ്പ് മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല | 3-8 |
| 22 | ക്രമവിരുദ്ധമായും അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാതെ എ.സി.കൾ വാങ്ങി - സ്ഥാപിച്ച് പ്രവർത്തിപ്പിച്ചില്ല – 118664/- രൂപ തടസ്സം | 3-9 |
| | ഭാഗം **- 4** | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 9,13,80,401/- രൂപയും പ്രതീക്ഷിത ചെലവ് 6,35,88,825/- രൂപയും നീക്കിയിരിപ്പ് 27,79,576/- രൂപയുമായിരുന്നു.

നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിച്ചിട്ടില്ല, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കി പാസ്സാക്കിയിട്ടുമില്ല. ശരിയായ രീതിയിൽ ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാതെ വന്നതിനാൽ തന്നെ 2017-18 വർഷത്തെ പ്രതീക്ഷിത വരവ് ചെലവുകൾ യഥാർത്ഥ വരവു ചെലവുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2018 | 16.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28021402.00 |
| വരവ് | 63358999.00 |
| ആകെ | 91380401.00 |
| ചെലവ് | 63588825.00 |
| നീക്കിയിരിപ്പ് | 27791576.00 |

* രസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം PMAY പദ്ധതി വരവ്, ചെലവ് എന്നിവ യഥാക്രമം 7906477/-

രൂപയും (258477/- രൂപ പലിശ ഉൾപ്പടെ) 5608183/- രൂപയുമാണ്. എന്നാൽ സ്ഥാപനത്തിന്റെ രജിസ്റ്റർ പ്രകാരം ഇവ യഥാക്രമം 33519407/- രൂപയും 31479590/- രൂപയുമാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 34288313 | 34288313 | 34288313 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12191000 | 12191000 | 12191000 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 100 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 4263627 | 4263627 | 4263627 | 0 | 100 |
| ടി.എസ്.ബി. തനത് ഫണ്ട് അക്കൗണ്ട് | 1918440 | 4331442 | 6249882 | 5940634 | 309248 | 95 |
| ഐ.എ.വൈ ജനറൽ | 23608310 | 33519407 | 57127717 | 31479590 | 25648127 | 55 |
| ടി.എസ്.സി | 316998 | 33867 | 350865 | 21618 | 329247 | 6 |
| റിവോൾവിംഗ് ഫണ്ട് | 29045 | 1117 | 30162 | 0 | 30162 | 0 |
| ഐ.എ.വൈ. അഡ്മിനിസ്ട്രേഷൻ | 2 | 0 | 0 | 0 | 2 | 0 |
| SIGN | 4187 | 162 | 4319 | 0 | 4319 | 0 |
| മിസലേനിയസ് | 2144420 | 340816 | 2485236 | 1016786 | 1468450 | 40.9 |
| IOB IAY | 0 | 2178 | 2178 | 157 | 2021 | 7 |
| ആകെ | 28021402 | 88971929 | 116993331 | 89201755 | 27791576 | |

വാർഷിക ധനകാര്യ പത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അനുബന്ധം1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 81 | 50978313 | 81 | 50742940 | 13 | 0 | 83.95 |

## 1-7 തൊഴിലുറപ്പ് പദ്ധതി

വരവ്- ചെലവു കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് പരിശോധന

പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം.

വിവിധ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിക്കുന്നുവെങ്കിലും ഈ വിവരങ്ങൾ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലുൾപ്പെടുത്തുന്നതിൽ അപാകതകളുണ്ട്. വിവിധ വരവുകൾ ഹെഡുകൾ മാറിയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ വാർഷിക കണക്കുകളിൽ നിന്നും സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്, ചെലവ് വിവരം ലഭിക്കുന്നില്ല.

ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയും, സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയുമാണ് 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിട്സുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മിനിട്സ് ബുക്കിലെ പേജുകൾ ശൂന്യമായി സൂക്ഷിക്കുന്ന രീതി നിയമപരമല്ല. 2017-18 സാമ്പത്തിക വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഒന്നോ, രണ്ടോ തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പദ്ധതി ആസൂത്രണം, നിർവഹണം, മോണിട്ടറിംഗ് എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല. സാധ്യതാ പഠനം നടത്താതെയാണ് പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഉദാഹരണമായി വിഴിഞ്ഞം സി.എച്ച്.സി.ക്ക് മാലിന്യ സംസ്കരണത്തിനായി മുറി നിർമ്മിക്കുവാനുള്ള പദ്ധതി - നിലവിൽ ടി സ്ഥാപനത്തിൽ ഫലപ്രദമായ മാലിന്യ സംസ്കരണ രീതി ഉണ്ടായിരുന്നിട്ടും, പുതിയ മുറി നിർമ്മിക്കുവാനുള്ള സ്ഥലം പോലും ഇല്ലാത്ത അവസ്ഥയിൽ ഇതിനായി പുതിയ പദ്ധതി ആസൂത്രണം ചെയ്തത് ആസൂത്രണ സംവിധാനത്തിലെ പോരായ്മകളെ വെളിപ്പെടുത്തുന്നു. തൻവർഷം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനത്തിലുണ്ടായ കുറവ് സംബന്ധിച്ച ചർച്ചകൾ പഞ്ചായത്ത് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടുകയോ അത് സംബന്ധിച്ച തീരുമാനമെടുക്കുകയോ ചെയ്യാത്ത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരും വർഷങ്ങളിൽ പ്രസ്തുത ചുമതലകൾ നിർവഹിക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.10.2017 | 2016-17 | 18.04.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.07.2018 | 2017-18 | - |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത മറ്റ് പരാമർശങ്ങൾ ഇല്ല

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| നികുതിയേതര വരവുകൾ | മുൻവർഷം | തൻവർഷം |
|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 132280 | 94445 |
| ലേലം | 124000 | 13400 |
| മറ്റുവരവുകൾ | 73131 | 16780 |
| ആകെ | 329411 | 124625 |

മുൻവർഷത്തേയ്ക്കാൾ തനതു വരവിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടാകേണ്ടതാണ്.

# ഭാഗം-3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല

പ്രോജക്റ്റിന്റെ പേര് - ജൈവ പച്ചക്കറി കൃഷി
പ്രോജക്റ്റ് നമ്പർ - SOO51/18
ബിൽ നമ്പർ - 1/17-18 തീയതി 19.09.2017
നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ
അടങ്കൽ തുക - വികസന ഫണ്ട് - 102000/-
ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവ് ചെയ്യൽ - <u>408000/-</u>

ജൈവ പച്ചക്കറികൃഷി പരിപോഷിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. പദ്ധതി പ്രകാരം ബ്ലോക്കിന്റെ കീഴിൽ വരുന്ന അതിയന്നൂർ, കാഞ്ഞിരംകുളം, കരുംകുളം, കോട്ടുകാൽ, വെങ്ങാനൂർ എന്നീ 5 പഞ്ചായത്തുകളിലായാണ് തുക ചെലവഴിച്ചത്. ഓരോ പഞ്ചായത്തിലെ, ഓരോ യൂണിറ്റിനും 340/-രൂപ എന്ന രീതിയിൽ 60 യൂണിറ്റിന് 20,400/-രൂപ വീതം 5 പഞ്ചായത്തുകൾക്ക് ആകെ 1,02,000/-രൂപ നൽകി. 4,08,000/-രൂപ ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്തു. തുക ലഭ്യമായ 5 പഞ്ചായത്തുകളിൽ കരുംകുളം, കോട്ടുകാൽ പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. (23.07.2018-ൽ 13/18 നമ്പർ അന്വേഷണക്കുറിപ്പ് നൽകി.) വിനിയോഗ സാക്ഷ്യപത്രങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി

സ്വീകരിക്കേണ്ടതാണ്.

## 3-2 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ–വികസന ഫണ്ടിൽ നിന്നും പണം പിൻവലിച്ചു - പദ്ധതി നടപ്പിലാക്കിയില്ല

പ്രോജക്ട് നം. - 117/16 (ഡയറി എക്സ്റ്റൻഷൻ ഓഫീസിന് ISO സർട്ടിഫിക്കേഷൻ)

അടങ്കൽ - 50,000/-

ചെലവ് - 48,000/-

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിനോ അനുബന്ധ സ്ഥാപനങ്ങൾക്കോ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. എന്നാൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 31.01.2017-ലെ കെ.എസ്.എ.റ്റി.വി.എം. ബി&ഡി.211/2017-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9-ൽ അതിയന്നൂർ ബ്ലോക്കിലെ ഡയറി എക്സ്റ്റൻഷൻ ഓഫീസിന്റെ ഐ.എസ്.ഒ. സർട്ടിഫിക്കേഷനു വേണ്ടി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പ്രോജക്ട് നം.117/16 (ബിൽ നം.എൽ.എസ്.ജി.ഡി.5/15-16 തീയതി 31.03.2016) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ 48,000/-രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആവശ്യപ്പെട്ട് 20.07.2018-ൽ 04/08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഹാജരാക്കിയ ഫയലിൽ യഥാക്രമം 19,200/- (ഡി.ഡി.നം.737950/31.03.2016) 14,400/-രൂപ (ഡി.ഡി.നം.737951/31.03.2016) 9,600/-രൂപ (ഡി.ഡി.നം.737952/ 31.03.2016), 4,800/-രൂപ (ഡി.ഡി. നം.737953/31.03.2016) എന്നീ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നെയ്യാറ്റിൻകര എസ്.ബി.ഐ.യിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. (2015-16 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 കാണുക). പണം പിൻവലിച്ചുവെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. നിലവിലെ എക്സ്റ്റൻഷൻ ഓഫീസർക്ക് (23.07.2016-ലെ 10/18-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ) ബന്ധപ്പെട്ട ഫയൽ 2015-16ലെ ഓഫീസർ കൈമാറി തന്നിട്ടില്ലാത്തതാണ് ഇതിന് കാരണം എന്നറിയിച്ചു. വകുപ്പിന്റെ കൺട്രോളിംഗ് ഓഫീസറായ ഡെപ്യൂട്ടി ഡയറക്ടറെ ഈ വിവരം അറിയിച്ചിട്ടുമുണ്ട്.

പദ്ധതിപ്പണം വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശിപാർശ ചെയ്തിട്ടില്ല. ഡിഡി ബാങ്കിൽ സമർപ്പിച്ച് ക്യാൻസൽ ചെയ്ത് പണമാക്കി മാറ്റുവാനും ബന്ധപ്പെട്ട ഹെഡിൽ വരവ് വയ്ക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പദ്ധതി പണം ട്രഷറിയിൽ നിന്നും പിൻവലിക്കുകയും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത 2015-16-ലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും 48,000/-രൂപ ഈടാക്കി വികസനഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ ചട്ടങ്ങൾ പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

പൊതുമരാമത്തു മാന്വൽ (ജി.ഒ.(പി) 13/2012/PWD തീയതി 01.02.2012) പ്രകാരം ടെണ്ടർ അംഗീകരിച്ച് 7

ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ14 ദിവസത്തിനകം കരാറുകാരൻ കരാർ ചമയ്ക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ PAC യുടെ 1% പിഴ ഈടാക്കി (കുറഞ്ഞത് 1,000/- പരമാവധി 25,000/-) കരാർ ഉടമ്പടി വയ്ക്കാവുന്നതും, 14ദിവസവും പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം ടെണ്ടർ നിരസിച്ച് ഇ.എം.ഡി. കണ്ടുകെട്ടേണ്ടതും, തൊട്ടടുത്ത കരാറുകാരനെകൊണ്ട് ചട്ടപ്രകാരം പ്രവൃത്തി ഏൽപ്പിക്കേണ്ടതുമാണ്.

കൂടാതെ, പ്രവൃത്തി പൂർത്തീകരണ കാലാവധിക്കുള്ളിൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തിയായില്ലായെങ്കിൽ കാലാവധി ദീർഘീകരണത്തിന് കാലാവധിക്കുള്ളിൽ തന്നെ കരാറുകാരൻ രേഖാമൂലം അസി. എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. കരാറുകാരന്റെ വീഴ്ചയാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ ആയതിന് കരാറുകാരൻ കരാർ കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതും, ആദ്യ തവണ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് PACയുടെ 1% പിഴ (കുറഞ്ഞത് 1,000/-, പരമാവധി 50,000/-) ഈടാക്കാവുന്നതുമാണ്. രണ്ടാം തവണ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് PACയുടെ 2% പിഴ (കുറഞ്ഞത് 2,000/-, പരമാവധി 1,00,000/- ) ഈടാക്കേണ്ടതാണ്.

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കുന്നതിൽ മേൽ പ്രകാരമുള്ള സമയക്രമങ്ങൾ പാലിക്കുകയോ , നിയമപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്യുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ / ചെലവ് തുക | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കുവാനുള്ള തീയതി / കരാർ വച്ച തീയതി | സ്ഥലം കൈമാറിയ തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി / പ്രവൃത്തി പൂർത്തികരിച്ച തീയതി |
|---|---|---|---|---|---|---|
| 1 | പൊന്നയ്യൻ നാടാർ റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ് | 500000<br>461608 | 19.12.2016 | 02.01.2017<br>28.12.2016 | രേഖപ്പെട്ടത്തിയിട്ടില്ല | 3മാസത്തിനുള്ളിൽ<br>19.05.2017 |
| 2 | നെല്ലിവിള താന്നിവിള റോഡ് മെറ്റലിംഗും ടാറിംഗും | 500000<br>497868 | 27.09.2017 | 11.10.2017<br>26.10.2017 | 26.10.2017 | 25.01.2018<br>15.02.2018 |
| 3 | ഊറ്ററ ചാനൽക്കര പറയൻവിളാകം ചിദംബരം റോഡ്- മെറ്റലിംഗ്, ടാറിംഗ് | 1000000<br>848250 | 25.08.2017<br>18.09.2017 | 20.09.2017 | 05.10.2017 | 04.01.2018<br>29.01.2018 |
| 4 | വിർച്ചൽ ക്ലാസ്സ് റൂം നിർമ്മാണം | 800000<br>708984 | 27.09.2017 | 11.10.2017<br>12.10.2017 | 12.10.2017 | 11.02.2018<br>22.03.2018 |
| 5 | കുരുതംകുടി എ.കെ.ജി. റോഡ് | 500000<br>389338 | 02.12.2016 | 16.12.2016<br>09.01.2017 | 13.01.2017 | 12.04.2017<br>15.05.2017 |

| | | | | | | |
|---|---|---|---|---|---|---|
| | സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | | | | | |
| 6 | കുഴിവിള ചരുവിള റോഡ് മെറ്റലിംഗ്, ടാറിംഗ് | 625500<br>537219 | 02.12.2016 | 16.12.2016<br>09.01.2017 | രേഖപ്പെടുത്തിയിട്ടില്ല | 3മാസത്തിനുള്ളിൽ<br>15.05.2017 |
| 7 | ചാണി മേടവിള കോളനി റോഡ് മെറ്റലിംഗം ടാറിംഗം | 500000<br>449431 | 27.09.2017 | 11.10.2017<br>07.10.2017 | 07.10.2017 | 06.01.2018<br>28.02.2018 |
| 8 | ഊറ്ററ ചാനൽക്കര പറയൻവിളാകം ചിദംബരം റോഡ് - മെറ്റലിംഗ്, ടാറിംഗ് | 1000000<br>848250 | 25.08.2017 | 07.09.2017<br>20.09.2017 | 05.10.2017 | 04.01.2018<br>29.01.2018 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/17-18 തീയതി 24.07.218) ന 2017 ഡിസംബർ മുതൽ 2018 ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ റോഡ് നിർമ്മാണ സാമഗ്രികൾക്ക് കടുത്ത ക്ഷാമമുണ്ടായതിനാൽ ഈ കാലയളവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടായി എന്ന് അറിയിച്ചു. എന്നാൽ കാലതാമസമുണ്ടായതിന് കരാറുകാരനിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നത് വീഴ്ചയായി കണക്കാക്കുന്നു. ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചു മാത്രം മരാമത്തു പ്രവൃത്തികൾ നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പ്രവൃത്തികൾ വിഭജിച്ച് നിർവഹിക്കുന്നു

ജി.ഒ.(പി) 13/2012/PWD തീയതി 01.02.2012 സെക്ഷൻ 2014പ്രകാരം മരാമത്ത് പ്രവൃത്തികൾ വിഭജിച്ച് ചെയ്യാവുന്നതല്ലായെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി യുവജനകേന്ദ്രത്തിന്റെ രണ്ടാം നില മൂന്നുവാർഷിക പദ്ധതികളായിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന 'ബ്ലോക്ക് കോമ്പൗണ്ടിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി നിർമ്മാണം' എന്ന പദ്ധതിയിലും ലിന്റിൽ വരെയുള്ള പ്രവൃത്തികൾ ഒന്നാം ഘട്ട പ്രോജക്ടായും, റൂഫിംഗ്, പ്ലാസ്റ്ററിംഗ് തുടങ്ങിയ പ്രവൃത്തികൾ രണ്ടാംഘട്ട പ്രോജക്ടായുമാണ് ചെയ്തിരിക്കുന്നത്. ഒന്നിലധികം വർഷം നിർവഹണത്തിനാവശ്യമുള്ള പക്ഷം ആയത് ഒരു ബഹു വർഷ പദ്ധതിയായി ആവിഷ്കരിക്കുന്നതിനു പകരം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ വ്യത്യസ്ത പദ്ധതികളായി ആവിഷ്കരിച്ചിരിക്കുന്നത് കുറഞ്ഞ ചെലവിലും സമയക്രമത്തിലും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സാധ്യതകളെയും ഇല്ലാതാക്കുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും ഖണ്ഡിക്കപ്പെടുന്നില്ലായെന്നു കൂടി ഉറപ്പാക്കുവാൻ നിർവഹണാധികാരികളും, മറ്റു വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ബാധ്യസ്ഥരാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-5 സോളാർ പാനൽ സ്ഥാപിക്കൽ - സമയബന്ധിതമായി പൂർത്തിയാക്കിയില്ല

പ്രോജക്റ്റ് നമ്പർ : SOO26/18

പ്രോജക്റ്റ് പേര് : ബ്ലോക്ക് ആഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ബ്ലോക്ക് സെക്രട്ടറി

ഫണ്ടിനം : വികസന ഫണ്ട് ജനറൽ (ഏകവർഷം)

മേഖല : ഉല്പാദനം (ഏകവർഷം)

അടങ്കൽ തുക : 13,36,862/-

ചെലവ് തുക : 6,60,431/-

ബിൽ നമ്പർ : PN.6/2017-18 തീയതി 09.10.2017

പൊതുഭരണ ധനകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെ 16.05.2017 ലെ യോഗത്തിൽ ബ്ലോക്ക് ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ച് ബ്ലോക്ക് ഓഫീസിന്റെ കെട്ടിടങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി ചർച്ച നടത്തുകയും 7-ാം നമ്പർ തീരുമാനം പ്രകാരം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ശുപാർശ നൽകുകയും ചെയ്തു. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17.05.2017 ന് ചർച്ച ചെയ്ത് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തു. ജനറൽ കമ്മിറ്റി 27.07.2017 ലെ 16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ബ്ളോക്ക് സെക്രട്ടറിയെ പദ്ധതി നിർവഹണത്തിനായി ചുമതലപ്പെടുത്തി.

പദ്ധതി പ്രകാരം ബ്ലോക്ക് ഓഫീസിന്റെ ടെറസ്സിൽ 15Kw ഉല്പാദനശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടു. ജനറൽ കമ്മിറ്റി 27.07.2017 ലെ 16-ാം നമ്പർ തീരുമാനപ്രകാരം 13,36,862/- രൂപ വകയിരുത്തി അംഗീകാരം നൽകിയതിനാൽ 19.08.2017ന് കെൽട്രോണുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ ചമയ്ക്കുകയും കെൽട്രോൺ സമർപ്പിച്ച 1336862/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. കരാർ പ്രകാരം ഇൻവോയിസ് കിട്ടിയ ശേഷം അടങ്കൽ തുകയുടെ 50% ഉം സോളാർ പാനലും മറ്റുപകരണങ്ങളും കൈമാറിയ ശേഷം 40% ഉം സോളാർ പാനലുകൾ സ്ഥാപിച്ച് ഊർജ്ജം ഉല്പാദിപ്പിച്ച ശേഷം 10% ഉം നല്കാൻ വ്യവസ്ഥ ചെയ്തു. വ്യവസ്ഥ പ്രകാരം ഇൻവോയിസ് കിട്ടിയ ശേഷം ജനറൽ കമ്മിറ്റി 25.09.2017 ലെ 2/6 നമ്പർ തീരുമാന പ്രകാരം 6,60,431/- രൂപ നൽകാൻ അനുവദിച്ചു. ആ തുക കോർ ട്രാൻസ്ഫർ (ബാങ്ക് റസീപ്റ്റ്) പ്രകാരം ലഭ്യമായതായി കെൽട്രോൺ രേഖാമൂലം അറിയിച്ചു. കൂടാതെ ബ്ലോക്ക്ഓഫീസ് കെട്ടിടത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പദ്ധതി നാളിതു വരെ കമ്മീഷൻ ചെയ്തിട്ടില്ല. കരാർ പ്രകാരം 40% തുക ലഭിക്കുന്നതിനായി കെൽട്രോൺ 22.04.2018 ന് നിർവഹണ ഉദ്യോഗസ്ഥന് കത്ത് നൽകി. എന്നാൽ തുക കൈമാറുകയോ പദ്ധതിയിൽ തുടർനടപടികൾ വേഗത്തിലാക്കുകയോ ചെയ്തിട്ടില്ല.

ഇൻഡസ്ട്രീസ് വകുപ്പിന്റെ 22/06/2013-ലെ ജി.ഒ.(ആർ.റ്റി)807/13ഡി പ്രകാരം സോളാർ പദ്ധതികൾ നിശ്ചിത നിരക്കിൽ സ്ഥാപിക്കണം എന്ന നിബന്ധനയോടെ കെൽട്രോണിനെ സോളാർ പദ്ധതി നടത്തിപ്പിലെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം 1KW ഉത്പാദന പദ്ധതിയ്ക്കുള്ള ചെലവ് 65,000/-രൂപയാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന്റെ 15KW പദ്ധതി പൂർത്തീകരണത്തിന് (65000 x 15) 9,75,000/-രൂപയും കെൽട്രോൺ വിവരിക്കുന്ന ഇലക്ട്രിക്കൽ പരിശോധന ചാർജ്ജും സപ്ലൈയും (1,99,800/-രൂപ) ഉൾപ്പെടെ ആകെ 11,74,800/-രൂപയാണ് ആകെ പദ്ധതിയ്ക്ക് ചെലവ്

വരുന്നത്. എന്നാൽ കെൽട്രോൺ 1,62,062/-രൂപ അധികമായി ആവശ്യപ്പെട്ടതായി കാണുന്നു. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പ് 6/18 തീയതി 20.07.2018ന് മേൽ പരാമർശത്തിൽ പറയുന്ന വസ്തുത കെൽട്രോണിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റിന് മറുപടി നൽകിയിട്ടുണ്ട്. സൗരവൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തി കൈവരിക്കാൻ അനുവദിച്ച പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ പദ്ധതിയിലെ ക്രമക്കേടുകൾ

ഫയൽ നമ്പർ - ഐസിഡിഎസ്/എ/273/17
പ്രോജക്ട് നമ്പർ - എസ് 0045/18
പ്രോജക്ടിന്റെ പേര് - അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ
ആകെ അടങ്കൽ തുക - 26,13,000/- രൂപ
ചെലവ് - 25,15,500/- രൂപ
ഫണ്ടിനം - വികസനം
ബിൽ നമ്പർ - 02/2017-18 തീയതി 13.03.2018

സാമൂഹ്യക്ഷേമം / സാമൂഹ്യ സുരക്ഷിതത്വം എന്ന മേഖലയിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കു വേണ്ടി ചൈൽഡ് ഡവലപ്മെന്റ് ഓഫീസർ നേരിട്ടു നിർവഹിച്ച പദ്ധതിയാണിത്. വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള ഭിന്നശേഷിക്കാരായ 39 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്.

എ) ഗുണഭോക്തൃതിരഞ്ഞെടുപ്പ്-മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല.

അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച് മാനദണ്ഡങ്ങൾ ചേർത്തു തീരുമാനിക്കുന്നതിന് ആവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിക്കുന്നതിനു വേണ്ട സൗകര്യം അപേക്ഷാഫോമിൽ ഉൾപ്പെടുത്തണമെന്നാണ് മാർഗ്ഗരേഖയിലെ വ്യവസ്ഥ. മാനദണ്ഡങ്ങൾ അപേക്ഷാഫോറത്തിന്റെ അനുബന്ധത്തിൽ പറഞ്ഞിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന ഗുണഭോക്താക്കളുടെ അന്തിമലിസ്റ്റ് എല്ലാ അപേക്ഷകളോടും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളോടും കൂടി അന്തിമതീരുമാനമെടുക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത വ്യവസ്ഥ പാലിച്ചിട്ടില്ലെന്നു ഫയൽ പരിശോധനയിൽ വ്യക്തമായി. മാത്രമല്ല, ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷകളിലൊന്നും തന്നെ അർഹത/മുൻഗണന സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗനിർദേശങ്ങൾക്കനുസൃതമാണോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്തിയ ലിസ്റ്റുകൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | അഭിപ്രായം |
|---|---|---|

| | | |
|---|---|---|
| കോട്ടുകാൽ | 27 | 16.08.17 ലെ I1-ാം നമ്പർ തീരുമാനം |
| വെങ്ങാനൂർ | 24 | ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| അതിയന്നൂർ | 18 | ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| കാഞ്ഞിരംകുളം | 12 | ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| കരുംകുളം | 19 | 18.08.17 ലെ 2(41)-ാം നമ്പർ തീരുമാനം |
| ആകെ | **100** | |

ബി) <u>മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

40%ലേറെ വൈകല്യമുണ്ടെങ്കിലും സൈഡ് വീൽ ഘടിപ്പിച്ച വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ പ്രസ്തുത സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

1. ശ്രീ.ഷിബു.ഡി
2. ശ്രീ.ഉണ്ണിക്കൃഷ്ണൻ.പി.
3. ശ്രീ.സുമേഷ് എസ്.വി.
4. ശ്രീ.ആനന്ദ്.ആർ,കെ
5. ശ്രീ.ആനന്ദ്.സി.എസ്
6. ശ്രീ.ഷാജി.എൽ.
7. ശ്രീ.പ്രശാന്ത്.പി.എസ്.
8. ശ്രീ.ജോസ്മെന്റ്.ജെ.
9. ശ്രീ.ജോൺ ബ്രൈറ്റ്.പി.സി.
10. ശ്രീ.മനോജ്.എം
11. ശ്രീമതി.ഷിനി.റ്റി.വിജയൻ.

സി) <u>അപേക്ഷകളുടെ സൂക്ഷ്മപരിശോധന ഫലപ്രദമല്ല.</u>

അപേക്ഷകരുടെ വികലാംഗ നിർണ്ണയം സംബന്ധിച്ച ഏകദിന ക്യാമ്പ് 25.10.2017ന നടത്തിയതായി സി.ഡി.പി.ഒ. 26.10.2017 ന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്താത്തതിന്റെ ഫലമായി ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമാകുന്നു.

ഭിന്നശേഷിയുള്ള, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ഉപയോഗിക്കാവുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കുന്നതിന്, "ഇൻവാലിഡ് ക്യാരേജ് - മോട്ടോർ സൈക്കിൾ" എന്ന വിഭാഗത്തിലാണ് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്നത്.

എന്നാൽ ചുവടെ പേരുവിവരങ്ങൾ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള

"ഇൻവാലിഡ് ക്യാരേജ് - മോട്ടോർ സൈക്കിൾ" എന്ന വിഭാഗത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് അനുവദിച്ചു കാണുന്നില്ല. പകരം സാധാരണ വിഭാഗത്തിന് അനുവദിക്കുന്ന ഡ്രൈവിംഗ് ലൈസൻസുകളാണ് ഉള്ളത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഡ്രൈവിംഗ് ലൈസൻസ് നം/ ഇഷ്യൂ ചെയ്ത ഓഫീസ് | ഏതെല്ലാം വിഭാഗത്തിലെ വാഹനങ്ങൾ ഓടിക്കാനുള്ള ലൈസൻസ് എന്നത് |
|---|---|---|---|
| 1 | ശ്രീ. മണികണ്ഠൻ എസ് | 28/3698/1997 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ഗിയർ ഇല്ലാത്ത മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ |
| 2 | ശ്രീ. ബിജു. റ്റി.വി | 20/1735/2000 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ഗിയർ ഉള്ള മോട്ടോർ സൈക്കിൾ |
| 3 | ശ്രീ. റസാലം വൈ | 20/1050/1985 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ലൈറ്റ് മോട്ടോർ വെഹിക്കിൾ, ഹെവി പാസഞ്ചർ മോട്ടോർ വെഹിക്കിൾ, ഹെവി ഗുഡ്സ് മോട്ടോർ വെഹിക്കിൾ, ത്രീവീലർ (ബാഡ്ജ് നം. 20/406 /1995) |
| 4 | ശ്രീ. മനോജ് എം | 2005/NTA/06 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ഗിയർ ഇല്ലാത്ത മോട്ടോർ സൈക്കിൾ, ഗിയർ ഉള്ള മോട്ടോർ സൈക്കിൾ, ലൈറ്റ് മോട്ടോർ വെഹിക്കിൾ, ത്രീ വീലർ |
| 5 | ശ്രീ. ജോൺ ബ്രൈറ്റ് | 20/807/1990 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ലൈറ്റ് മോട്ടോർ വെഹിക്കിൾ, മോട്ടോർ സൈക്കിൾ(ഗിയർ ഉള്ളത്) |
| 6 | ശ്രീ. ക്രിസ്റ്റഫർ ജോർജ് ജെ | NDD/792 /1998(ലഭ്യമല്ല) | ഗിയർ ഇല്ലാത്ത മോട്ടോർ സൈക്കിൾ, ഗിയർ ഉള്ള മോട്ടോർ സൈക്കിൾ, ലൈറ്റ് മോട്ടോർ വെഹിക്കിൾ, ഓട്ടോറിക്ഷ |
| 7 | ശ്രീ. ആന്റണി ബി | 19/479/1998 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ഗിയർ ഉള്ള മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ, ലൈറ്റ് മോട്ടോർ വെഹിക്കിൾ |
| 8 | ശ്രീ. പ്രശാന്ത് പി. എസ് | PSA/2172/06 സബ് ആർ.റ്റി.ഒ. പാറശ്ശാല | ഗിയർ ഇല്ലാത്ത മോട്ടോർ സൈക്കിൾ, ഗിയർ ഉള്ള മോട്ടോർ സൈക്കിൾ, ത്രീ വീലർ |
| 9 | ശ്രീ. ഷാജി എൽ | 20/2855/2016 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ഗിയർ ഉള്ള മോട്ടോർ സൈക്കിൾ |
| 10 | ശ്രീ. ബിനു. ജെ | 01/5085/1997 ആർ.റ്റി.ഒ. തിരുവനന്തപുരം (മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നുള്ള രേഖ) | ഗിയർ ഉള്ള മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ (ബാഡ്ജ് നം. 1/1379/ 1997) |
| 11 | ശ്രീ. സന്തോഷ് കുമാർ എം | 20/1104/2011 സബ് ആർ.റ്റി.ഒ. നെയ്യാറ്റിൻകര | ഗിയർ ഉള്ള മോട്ടോർ സൈക്കിൾ, ത്രീവീലർ, ലൈറ്റ് മോട്ടോർ വെഹിക്കിൾ |

08.03.2018 ന ട്രൈസ്കൂട്ടറുകൾ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തു. ടി വാഹനം സ്വന്തം ആവശ്യത്തിനു

മാത്രം ഉപയോഗിക്കുമെന്നും കൈമാറ്റം ചെയ്യുകയില്ലായെന്നും സൈഡ് വീലുകൾ അഴിച്ചുമാറ്റി സ്കൂട്ടർ ആയി ഉപയോഗിക്കുകയില്ലായെന്നും ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗുണഭോക്താക്കളിൽ നിന്നും 200/- രൂപയുടെ മുദ്രപത്രത്തിൽ സത്യപ്രസ്താവന ഒപ്പിട്ടു വാങ്ങിയിട്ടുണ്ട്. പ്രസ്തുത രേഖയിൽ മേൽ സൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെട്ട എല്ലാവരും തങ്ങൾക്ക് ഡ്രൈവിംഗ് ലേണേഴ്സ് ഉണ്ട് എന്നും വാഹനം കൈപ്പറ്റി 1 മാസത്തിനുള്ളിൽ ഡ്രൈവിംഗ് ലൈസൻസ് എടുത്ത് പകർപ്പ് അതിയന്നൂർ സി.ഡി.പി.ഒ.യെ ഏൽപിക്കുന്നതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്.

സത്യപ്രസ്താവനയിൽ അറിയിച്ച പ്രകാരം വാഹനം കൈപ്പറ്റി 1 മാസത്തിനുള്ളിൽ ഡ്രൈവിംഗ് ലൈസൻസ് എടുത്ത് ആയതിന്റെ പകർപ്പ് സിഡിപിഒ യെ ഏൽപ്പിക്കാത്ത ഗുണഭോക്താക്കളുടെ പേരു വിവരം അനുബന്ധം 2 ആയും വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സി.ഡി.പി.ഒ. യെ ഏൽപ്പിക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം അനുബന്ധം 3 ആയും ചേർക്കുന്നു.

ഏറ്റവും അർഹരായ ഗുണഭോക്താക്കളെ മാത്രം കണ്ടെത്തി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാത്തതിനാൽ ടി പദ്ധതി പൂർണ്ണമായും ഫലപ്രദമായിട്ടില്ല. 25.10.2017ന് നടത്തിയതായി ഫയലിൽ സൂചിപ്പിച്ചിട്ടുള്ള ഏകദിനക്യാമ്പിൽ വികലാംഗനിർണ്ണയവും അപേക്ഷകളുടെ പരിശോധനയും ശരിയായ രീതിയിൽ നടന്നിട്ടില്ല. കൂടാതെ, ഗുണഭോക്താക്കളുടെലിസ്റ്റ് തയ്യാറാക്കുന്നതിൽ ഗ്രാമസഭകൾക്ക് വീഴ്ച പറ്റിയിട്ടുള്ളതായി വ്യക്തമാകുന്നു. ഗ്രാമസഭാ നടത്തിപ്പിലെ അപാകതകളിലേയ്ക്കാണിത് വിരൽ ചൂണ്ടുന്നത്.

## 3-7 പട്ടികജാതി യുവജന പരിശീലന കേന്ദ്രം

എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ള പട്ടികജാതി യുവജന പരിശീലന കേന്ദ്രം ഇതുവരെയും ഉപയോഗപ്പെടുത്താതെ ശേഷിക്കുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനുണ്ടായ ചെലവുവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പദ്ധതി വർഷം | ചെയ്ത പ്രവൃത്തികൾ | ചെലവ് തുക | ബിൽ നം. തീയതി |
|---|---|---|---|---|
| 27/14-15 | 2014-15 | ഒന്നാം നില നിർമ്മാണം | 946800 | 31.03.2015 |
| 80/16-17 | 2015-16 | സ്റ്റെയർ, രണ്ടാം നിലയുടെ സ്ട്രക്ചർ നിർമ്മാണം | 493752 | 29.03.2016 |
| 64/17 | 2016-17 | രണ്ടാം നിലയുടെ റൂഫ് കോൺക്രീറ്റിംഗ്, സോളിഡ് ബ്ലോക്ക് വർക്ക്, വുഡ് വർക്ക്, പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ | 515408 | 20.03.17 |
| 70/17 | 2017-18 | പാരപ്പെറ്റ്, ഫ്ലോറിംഗ്, പെയിന്റിംഗ് പ്രവൃത്തികൾ | 247804 | 23.06.17 |
| ആകെ | | | **2203764** | |

യുവജനകേന്ദ്രത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം 2014-15 ൽ പൂർത്തീകരിച്ചിട്ടും അത് ഉപയോഗപ്പെടുത്തിയില്ല. തുടർന്ന് രണ്ടാം നിലയുടെ നിർമ്മാണം 2017 ജൂണിൽ പൂർത്തിയായെങ്കിലും നാളിതുവരെയും പരിശീലനം നടത്തുന്നതിനോ, മറ്റേതെങ്കിലും ആവശ്യത്തിനോ ഈ കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയങ്ങൾ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/17-18 തീയതി 23.07.2018) വരും വർഷങ്ങളിൽ പട്ടികജാതി യുവജനങ്ങൾക്കായി പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി കെട്ടിടം ഉപയുക്തമാക്കുമെന്ന് അറിയിച്ചു.

കേവലം ഫണ്ട് വിനിയോഗത്തിനു മാത്രമായുള്ള പശ്ചാത്തലത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത് എസ്.സി.പി. ഫണ്ടിന്റെ ദുർവിനിയോഗമായി വിലയിരുത്തുന്നു.

കെട്ടിടത്തിന്റെ സ്ഥാപകലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പട്ടികജാതി വിഭാഗക്കാർക്ക് പ്രയോജനപ്പെടുന്ന പരിശീലന പരിപാടികൾ ക്രമീകരിക്കുവാനും, പ്രോജക്ട് ലക്ഷ്യം കൈവരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും പരിശീലനങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങളും തുടർനിരീക്ഷണങ്ങളും നടത്തേണ്ടതാണ്.

## **3-8** <u>പദ്ധതി നടത്തിപ്പ് മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല</u>

പ്രോജക്ട് നം. - 20/18
ഹോസ്പിറ്റൽ വേസ്റ്റ് മാനേജ്മെന്റ് - സി.എച്ച്.സി. വെൺപകൽ.

അടങ്കൽ - 1,25,141/-

ചെലവ് - 1,25,141/-

ബിൽ നം. - (1) 03/17-18 തീയതി 08.01.2018 - 14,900/-രൂപ
(2) 05/17-18 തീയതി 27.02.2018 - 21,090/-രൂപ
(3) 06/17-18 തീയതി 23.03.2018 - <u>89151/-</u>രൂപ

ആകെ – 1,25,141/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വെൺപകൽ

വെൺപകൽ സി.എച്ച്.സി.യിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് പ്രോജക്ടിനായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചുവെങ്കിലും പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കും പ്രകാരമുള്ള അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു.

2016-17 സാമ്പത്തിക വർഷം 4,00,000/-രൂപ വകയിരുത്തിയ മേൽപദ്ധതിയ്ക്കായി (പ്രോജക്ട് നം.83/17) 30.3.2017ൽ വികസന ഫണ്ടിൽ നിന്നും 2,74,859/- പിൻവലിച്ചുവെങ്കിലും പദ്ധതിരേഖയിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ തനത് സാമ്പത്തിക വർഷം നടപ്പിലായില്ല. പദ്ധതിരേഖയിൽ ഇൻസിനറേറ്റർ വാങ്ങാൻ ചെലവ് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 1,41,750/-രൂപ വിലനിശ്ചയിച്ച് സ്റ്റെറിലൈസർ വാങ്ങുകയും, വാങ്ങിയ സ്റ്റെറിലൈസർ 30.06.2017-ൽ സി.എച്ച്.സി.യിൽ ലഭിച്ചതായും ആണ് 24.07.2018-ൽ നടത്തിയ

സ്ഥലപരിശോധനയിൽ കണ്ടെത്തിയത്. 20.03.2017-ൽ ചെലവ് രേഖപ്പെടുത്തിയത് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ്, കാഷ്ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടില്ല. 19.04.17-ൽ ആണ് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്. കോംപ്രിഹൻസീവ് വാറന്റി പീരീഡിൽ കമ്പനി വർഷാവർഷം ഉപകരണത്തിന്റെ സൈറ്റ് കാലിബ്രേഷൻ നടത്തി കാലിബ്രേഷൻ സർട്ടിഫിക്കറ്റ് സി.എച്ച്.സി.യ്ക്ക് നൽകേണ്ടതായിരുന്നുവെങ്കിലും അപ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ല.

മേൽ പദ്ധതിയുടെ സ്പിൽ ഓവറായി 2017-18 വർഷം 20/18-ാം നമ്പരായി പദ്ധതി രൂപീകരിച്ചുവെങ്കിലും പദ്ധതി രേഖയിൽ സ്പിൽ ഓവറായി കാണിക്കുകയോ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് രേഖപ്പെടുത്തുകയോ ചെയ്തില്ല. മെഡിക്കൽ ഓഫീസർ യഥേഷ്ടം പ്രവൃത്തികൾ നടത്തി 1,25,141/-രൂപ ചെലവഴിക്കുകയാണുണ്ടായത്. ഏകവർഷ പ്രോജക്ടായി രേഖപ്പെടുത്തിയ പദ്ധതി തുക വകയിരുത്തിയ ഭാഗത്ത് മാത്രമാണ് മുൻവർഷ ചെലവിനെപ്പറ്റി പരാമർശിച്ചിട്ടുള്ളത്.

പഞ്ചായത്ത് മോണിട്ടറിംഗ് സമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കാത്തതാണ് മേൽ സൂചിപ്പിച്ച അപാകതകൾക്ക് നിദാനം. വികസന ഫണ്ട് ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ ആവശ്യകത, നടപ്പിലാക്കൽ രീതി, നടത്തേണ്ട പ്രവർത്തനങ്ങൾ, ഫണ്ട് വിനിയോഗം എന്നിവയെ സംബന്ധിച്ച് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ കൂടുതൽ കാര്യക്ഷമമായി സ്റ്റാൻഡിംഗ് കമ്മിറ്റി പ്രവർത്തിക്കേണ്ടതുണ്ട്. ഘടകസ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ തുടർ മോണിട്ടറിംഗിന് വിധേയമാക്കാൻ മോണിട്ടറിംഗ് സമിതികൾ ശ്രദ്ധിക്കേണ്ടതുമാണ്.

## **3-9** ക്രമവിരുദ്ധമായും അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാതെ എ.സി.കൾ വാങ്ങി-സ്ഥാപിച്ച് പ്രവർത്തിപ്പിച്ചില്ല **1,18,664/-**രൂപ തടസ്സം

പദ്ധതിയുടെ പേര് – ബ്ലോക്ക് ഘടക സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ

പദ്ധതി നം. – എസ്. ഒ. 107/2018

ബിൽ നം. – 1702026308680, 1363984 തീയതി 28.3.2018

അടങ്കൽ തുക – 11,45,289/-

ചെലവ് തുക – 1,87,268/- – ജനറൽ ഏക വർഷം ( 187000/- രൂപ KADCO യ്ക്കും 286/- രൂപ കാൽക്കുലേറ്റർ വാങ്ങിയതിനും)

ആരോഗ്യ-വിദ്യാഭ്യാസകാര്യ വർക്കിംഗ് ഗ്രൂപ്പ് 06.03.2018-ൽ കൂടിയ യോഗത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 3 കമ്മ്യൂണിറ്റി സെന്ററുകളിലെ ലാബുകളിൽ എ.സി. സ്ഥാപിക്കുന്നതിനായി തീരുമാനിച്ചു. ആയത് ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12.03.2018-ൽ കൂടിയ യോഗത്തിലെ നിർദ്ദേശങ്ങളിൽ 4-ാമതായി ചർച്ചയ്ക്ക് വയ്ക്കുകയും ചെയ്തു. ആ യോഗത്തിൽ ആകെ 10 തീരുമാനങ്ങൾ ജനറൽ കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്തു. എന്നാൽ എ.സി. വാങ്ങുന്ന തീരുമാനം ശുപാർശ ചെയ്തില്ല. ആയതിനാൽ എ.സി.കൾ വാങ്ങുവാനുള്ള ശുപാർശ ജനറൽ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,

നിർവഹണ ഉദ്യോഗസ്ഥനായി ഘടക സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പേരിൽ SO107/18 നമ്പർ ആയി പദ്ധതി തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയിരുന്നു. പ്രത്യേക ടെണ്ടർ ക്ഷണിക്കാതെ KADCO എന്ന സ്ഥാപനത്തിൽ നിന്നും പദ്ധതി പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചു.

KADCO യിൽ നിന്നും 2 എ.സി.കളും 4 ഷെൽഫുകളും വാങ്ങിയിട്ടുണ്ട്. 28.03.2018-ലെ KADCO/HO/SALES/2017-18/206 നമ്പർ ഇൻവോയിസ് പ്രകാരം 1,87,000/-രൂപ KADCOയ്ക്ക് അനുവദിച്ചിരുന്നു. കൂടാതെ 268/-രൂപയുടെ കാൽക്കുലേറ്റർ കൂടി വാങ്ങുകയും ആകെ 1,87,268/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. കമ്മ്യൂണിറ്റി സെന്ററുകളിൽ എ.സി.കൾ സ്ഥാപിക്കുന്നതിനായുള്ള ഭൗതിക സാഹചര്യങ്ങൾ പഠിക്കുന്നതിനായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാൻഡിംഗ് കമ്മിറ്റിയോ സ്ഥല പരിശോധന നടത്തിയില്ല.
2. നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ, ജനറൽ കമ്മിറ്റിയുടെയോ അംഗീകാരം ഇല്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്.
3. എ.സി.കൾ സ്ഥാപിച്ച് മുൻപരിചയം ഇല്ലാത്ത KADCOയ്ക്കാണ് പദ്ധതിയ്ക്ക് ആവശ്യമായ എ.സി.കൾ സ്ഥാപിക്കാൻ തുക നിർവഹണ ഉദ്യോഗസ്ഥൻ നൽകിയത്.
4. പദ്ധതി നിർവഹണത്തിനായി ടെണ്ടർ ക്ഷണിച്ചില്ല.
5. ഫൈനൽ ബിൽ ഇല്ലാതെ ടാക്സ് ഇൻവോയ്സ് അടിസ്ഥാനത്തിൽ തുക കൈമാറി.
6. സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

പദ്ധതിയിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറി 15/18 (തീയതി 24.07.2018)ന് ടെണ്ടർ ക്ഷണിച്ചിട്ടില്ലായെന്നും, മെഡിക്കൽ ആഫീസറുടെയും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും നിർദ്ദേശപ്രകാരമാണ് പദ്ധതി പ്രകാരം എ.സി.കൾ വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 23.07.2018-ൽ ഓഡിറ്റ് ടീം വെൺപകൽ സി.എച്ച്.സി.യിൽ നടത്തിയ സ്ഥല പരിശോധനയിൽ ഗോദ്റേജ് കമ്പനിയുടെ രണ്ട് എ.സി.കൾ ആഫീസിന് ഉള്ളിൽ ഗോവണിയ്ക്ക് താഴെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. രണ്ട് എ.സി.കൾ ലഭ്യമായെങ്കിലും അവ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് മെഡിക്കൽ ആഫീസർ രേഖാമൂലം ഓഡിറ്റിനെ അറിയിക്കുകയുണ്ടായി.

ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും അംഗീകാരമില്ലാതെ പദ്ധതി ഡി.പി.സിക്ക് അയച്ച് അംഗീകാരം വാങ്ങി എ.സി.കളും മറ്റ് ഉപകരണങ്ങളും വാങ്ങിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി എ.സി.കൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. എ.സി.കൾക്ക് ചെലവാക്കിയ 1,18,644/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള വില

| | |
|---|---|
| എ.സി. 2 എണ്ണം | 118644.00 |
| 4 ഷെൽഫുകൾ | 35936.00 |
| ട്രാൻസ്പോർട്ടിംഗ് ചാർജ്ജസ് | 3895.00 |
| CGST | 14262.75 |
| SGST | 14262.75 |
| ആകെ | **187000.00** |

എ.സി.യുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 8890000 | PMAY | 3372000 | 5518000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2560000 | PMAY | 2560000 | -- |
| അതിയന്നൂർ ഗ്രാമ പഞ്ചായത്ത് | 2017-18 | 1275000 | PMAY | 880000 | 395000 |
| കാഞ്ഞിരംകുളം ഗ്രാമ പഞ്ചായത്ത് | 2017-18 | 490000 | PMAY | 390000 | 100000 |
| കരുംകുളം ഗ്രാമ പഞ്ചായത്ത് | 2017-18 | 540000 | PMAY | 180000 | 360000 |
| വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് | 2017-18 | 60000 | PMAY | 60000 | -- |
| ആകെ | | 13815000 | | 7442000 | 6373000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(എം.എസ്) 207/2009 ത.സ്വ.ഭ.വ 07.11.09 | 62,76,200 | 25,72,168 | 7,50,892 | -- | 18,21,276 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.എ.വൈ അധിക ധന സഹായം കോ-ഓപ്പറേറ്റീവ് ബാങ്ക് (5 എണ്ണം) | സ.ഉ(കൈ) നം115/13/ തസ്വഭവ തി.22.3.13 | 55,00,000 | 55,00,000 | 18,64,185 | 0 | 36,35,805 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88971929.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89201755.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 118644.00 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-9 | 1,18,644/- | ശ്രീ. എസ്. എസ്. പത്മകുമാർ സെക്രട്ടറി |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ബി&ഡി.475/09 തീയതി 08.03.2013 | 8 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി&ഡി.476/09 തീയതി 30.03.2013 | 11 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.ബി&ഡി.230/09 തീയതി 08.03.2013 | 5 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി&ഡി.477/09 തീയതി 08.03.2013 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി&ഡി.765/08 തീയതി 30.03.2013 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി&ഡി.765/08 തീയതി 01.04.2013 | 5 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തീയതി 01.04.2013 | 5 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തീയതി 07.08.2013 | 4 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി&ഡി.475/09 തീയതി 08.03.2013 | 9 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി.259/18 തീയതി 18.1.2018 | 4 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം. ബി.പി.260/2018 തീയതി 18.1.2018 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി&ഡി.562/13 തീയതി 06.09.2013 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ബി.പി.261/18 തീയതി 18.1.2018 | 1 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി&ഡി.320/13 തീയതി 27.09.2013 | 4 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി.പി.262/2018 തീയതി 18.1.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.263/2018 തീയതി 18.1.2018 | 2 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ബി.പി.264/2018 തീയതി 18.1.2018 | 3 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി1265/2018 തീയതി 18.1.2018 | 1 | |
| 2015-16 | എൽ.എഫ്.റ്റി.ഡി.ബി&ഡി.211/17 തീയതി 31.01.17 | 17 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2027/2017 തീയതി 7.11.2017 | 7 | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*ബിഎൽ.*

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **2017-18** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

- PMAY പദ്ധതി വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വരവ് | ചെലവ് |
|---|---|---|
| AFS പ്രകാരം | 7648000 + (Int) 258477 | 5608183 |
| രജിസ്റ്റർ പ്രകാരം | 33519407 | 31479590 |

- അക്കൗണ്ടിൽ തൻവർഷം വരവുവന്ന റീഫണ്ട് തുകകൾ (നോഡൽ അക്കൗണ്ടിലേക്ക് ഒടുക്കുവാനുള്ളത്) 2,65,000/- രൂപ B-9 other liabilities ൽ ഉൾപ്പെടുത്തിയിട്ടില്ല.
- B3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ മുൻവർഷ എ.എഫ്.എസ് ലും തൻവർഷ എ.എഫ്.എസ് ലും 2,11,85,339/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
- മുൻവർഷ ആസ്തി - 24831234 + തൻ വർഷ ആസ്തി- 1725770 എന്നിവ ആകെ ആസ്തി (B11) – 31542052 മായി പൊരുത്തപ്പെടുന്നില്ല.
- ഡവലപ്മെന്റ് ഫണ്ട് (ജനറൽ) തൻവർഷ വരവ് AFSപ്രകാരം 3,42,88,313/- ഉം ACR പ്രകാരം 3,43,78,313/-ഉം ആണ്.
- വിവിധ ലോണുകളുടെ തിരിച്ചടവ്, കുടിശ്ശിക എന്നിവ പൊരുത്തപ്പെടുന്നില്ല.

| | 01.04.2017 ലെ കുടിശ്ശിക | തൻവർഷ അടവ് | 31.03.2018 ലെ നീക്കിയിരുപ്പ് |
|---|---|---|---|
| AFS പ്രകാരം | 2572174 | 750892 | 1821282 |
| EMS / IAYലോൺ രജിസ്റ്ററുകൾ പ്രകാരം | 8072168 | 2615077 | 5457121 |

•

- സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറുകളിൽ നിന്നും ടെണ്ടർ ഫോറ വിലയിനത്തിൽ 82,280/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- 2018 മാർച്ച് മാസത്തെ ശമ്പളം, അലവൻസ് തുകകൾ ബാധ്യതയായി എ.എഫ്.എസ്. ൽ ഉൾപ്പെടുത്തിയിട്ടില്ല.
- വിവിധ വരവുകൾ, നിക്ഷേപങ്ങളിൽ നിന്നുളള പലിശ എന്നിവ തെറ്റായ ഹെഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (ഉദാ - 171100101ൽ ഉൾപ്പെടുത്തേണ്ട വരവുകൾ 170100101, 151100199, 140500107ഹെഡുകളിൽ ഉൾപ്പെടുത്തി)
- ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ആകെ ആക്ടിവിറ്റീസിന്റെ തുക15,83,297/- എന്നത് Net increase/decrease in cash balances – 2,29,826/- മായി പൊരുത്തപ്പെടുന്നില്ല.
- Stock & inventories മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- 2017-18 സാമ്പത്തിക വർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## <u>അനുബന്ധം-2</u>

## <u>ഡ്രൈവിംഗ് ലൈസൻസ് സി.ഡി.പി.ഒ. യെ ഏൽപ്പിക്കാത്ത ഗുണഭോക്താക്കൾ</u>

(ഖണ്ഡിക 3.6 കാണുക)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ശ്രീ. ശില്വവയ്യൻ |
| 2 | ശ്രീ. അഗസ്റ്റിൻ ജെ |
| 3 | ശ്രീ. ക്രിസ്തുദാസൻ |
| 4 | ശ്രീ. അഭിജിത് എസ്.എസ് |
| 5 | ശ്രീമതി. സൂര്യ എസ് |
| 6 | ശ്രീ. അലക്സ് എക്സ്. ജി. |
| 7 | ശ്രീ. ഉണ്ണിക്കുട്ടൻ പി |
| 8 | ശ്രീ. ബിനു ബി |
| 9 | ശ്രീമതി. ഷീജ ഒ. വി. |
| 10 | ശ്രീമതി. അനഘ ബി |
| 11 | ശ്രീ. സുമേഷ് എസ് |
| 12 | ശ്രീ. രാധാകൃഷ്ണൻ നായർ |
| 13 | ശ്രീ. ആനന്ദ് ബി. എസ് |
| 14 | ശ്രീമതി. അമ്പിളി കെ |
| 15 | ശ്രീ. ദിനേഷ് യു |
| 16 | ശ്രീമതി. ഷിനി റ്റി വിജയൻ |
| 17 | ശ്രീ. ആനന്ദ് ബി എസ് |
| 18 | ശ്രീ. ബിനു ജെ |
| 19 | ശ്രീ. മധു എൽ |
| 20 | ശ്രീമതി. അൽഫോൻസ്യ |
| 21 | ശ്രീമതി. ജെസ്സി എസ് |
| 22 | ശ്രീ. ക്ലമന്റ് |
| 23 | ശ്രീ. ഷിബു ഡി |
| 24 | ശ്രീ. ജോസ്മെന്റ് |

| | |
|---|---|
| 25 | ശ്രീ. റോബിൻസൺ ഡി |
| 26 | ശ്രീ. ജയകുമാർ കെ |
| 27 | ശ്രീ. വിൽഫ്രഡ് |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-3

## വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സി.ഡി.പി.ഒ. യെ ഏൽപ്പിക്കാത്ത ഗുണഭോക്താക്കൾ

(ഖണ്ഡിക 3.6 കാണുക)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് |
|---|---|

| | |
|---|---|
| 1 | ശ്രീ. ശിലുവയ്യൻ |
| 2 | ശ്രീ. അഗസ്റ്റിൻ ജെ |
| 3 | ശ്രീ. ക്രിസ്തുദാസൻ |
| 4 | ശ്രീ. അഭിജിത് എസ്.എസ് |
| 5 | ശ്രീമതി. സൂര്യ എസ് |
| 6 | ശ്രീ. അലക്സ് എക്സ്. ജി. |
| 7 | ശ്രീമതി. അനഘ ബി |
| 8 | ശ്രീ. സുമേഷ് എസ് |
| 9 | ശ്രീ. രാധാകൃഷ്ണൻ നായർ |
| 10 | ശ്രീ. ആനന്ദ് ആർ കെ |
| 11 | ശ്രീമതി. അമ്പിളി കെ |
| 12 | ശ്രീ. ദിനേഷ് യു |
| 13 | ശ്രീമതി. ഷിനി റ്റി വിജയൻ |
| 14 | ശ്രീ. ആനന്ദ് ബി എസ് |
| 15 | ശ്രീ. ബിനു ജെ |
| 16 | ശ്രീ. മധു എൽ |
| 17 | ശ്രീ. ക്ലമന്റ് |
| 18 | ശ്രീ. ഷിബു ഡി |
| 19 | ശ്രീ. ജോസ്മെന്റ് |
| 20 | ശ്രീ. റോബിൻസൺ ഡി |
| 21 | ശ്രീ. ജയകുമാർ കെ |
| 22 | ശ്രീ. വിൽഫ്രഡ് |
| 23 | ശ്രീ. ആന്റണി ബി |
| 24 | ശ്രീ. പ്രശാന്ത് പി. എസ് |
| 25 | ശ്രീ. ബിജു റ്റി. വി |
| 26 | ശ്രീ. ഷാജി എൽ |
| 27 | ശ്രീ. ക്രിസ്റ്റഫർ ജോർജ് |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്